LIBRARY ARCHIVES Kerala Legislative Assembly

യോഗത്തിൽ പുതുതായി ഏറ്റെടുത്ത സ്ഥലത്ത് നിന്ന് മൈനിംഗ് തുടങ്ങുമ്പോൾ കോൺട്രാക്ടർക്കാവശ്യമായ തൊഴിലാളികളെക്കൂടി ഒഴിപ്പിക്കൽ പ്രദേശത്തുനിന്നും ചില വ്യവസ്ഥകൾക്കനുസൃതമായി നിയോഗിക്കുവാൻ തീരുമാനിച്ചു. പ്രസ്തുത വ്യവസ്ഥകൾപ്രകാരം ഈ ആനുകൂല്യത്തിന് മുൻകാല പ്രാബല്യമുണ്ടായിരിക്കുന്നതല്ല. അതനുസരിച്ച് നിലവിൽ 138 പേരെ എൻഗേജ് ചെയ്യുന്നുണ്ട്. ഈ മാനദണ്ഡമനുസരിച്ച് ലിസ്റ്റിൽ ഉൾപ്പെടുത്താൻ ഇനിയും ആളുകൾ ബാക്കിയുണ്ട്. എന്നാൽ ഈയിടെയായി കടലിൽനിന്നും മണ്ണടിച്ചുകയറുന്നത് തുലോം പരിമിതമായതിനാൽ സീ വാഷിംഗ് കളക്ഷൻ പ്രവൃത്തിതന്നെ നിറുത്തിവയ്ക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. കമ്പനിക്കുവേണ്ടി വീട്, സ്ഥലം എന്നിവ നഷ്ടപ്പെട്ടവരെ കമ്പനിയുടെ പ്രിഫറൻഷ്യൽ കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം പ്രിഫറൻഷ്യൽ കാറ്റഗറിയിൽ ഉള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനത്തിനായി കമ്പനിയിൽ നേരിട്ട് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(ഭ) ലയങ്ങളുടെ ശോചനീയാവസ്ഥ

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, പീരുമേട് നിയോജകമണ്ഡലത്തിൽ 22 തോട്ടങ്ങളാണ് പൂട്ടിക്കിടന്നത്. അതിൽ 17 തോട്ടങ്ങൾ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇനി തുറക്കാനുള്ള തോട്ടങ്ങൾ അഞ്ചെണ്ണമാണ്. അതിൽ പീരുമേട് ടീ കമ്പനിയുടെ രണ്ട് എസ്റ്റേറ്റുകളായ ചീന്തലാർ, ലോണ്ടർ എസ്റ്റേറ്റുകളും ആർ.ബി.ടി .കമ്പനിയുടെ 3 എസ്റ്റേറ്റുകളായ മഞ്ചുമല, കോഴിക്കാനം, തങ്കമല എസ്റ്റേറ്റുകളുമാണുള്ളത്. ഈ ഗവൺമെന്റ് വന്നതിനുശേഷം, അങ്ങ് തന്നെയാണ് തൊഴിലാളികളുടെ ലയങ്ങൾ റിപ്പയർ ചെയ്യുന്നതിനുവേണ്ടി ഓരോ വീടിനും 5000 രൂപ കണക്കാക്കി 2000 കുടുംബങ്ങൾക്ക് ധനസഹായം നൽകിയത്. കഴിഞ്ഞ 12 വർഷമായി തുറക്കാത്ത അഞ്ച് തോട്ടങ്ങളിലെ തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളുടെ സ്ഥിതി പരമദയനീയമാണ്. പല ലയങ്ങളും ഇടിഞ്ഞുവീണുകൊണ്ടിരിക്കുന്ന സാഹചര്യം പരിഗണിച്ചുകൊണ്ട് എക്സ്-ഗ്രേഷ്യാ ഇനത്തിൽ ഈ ലയങ്ങൾ നന്നാക്കാൻ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, രണ്ടര വർഷം മുൻപ് പീരുമേട് നിയോജകമണ്ഡലത്തിലെ അടഞ്ഞുകിടന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ദയനീയമായ സ്ഥിതി മനസ്സിലാക്കി, ബഹുമാനപ്പെട്ട എം.എൽ.എ. ഇ.എസ്. ബിജിമോൾ കൂടി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓരോ വീടിനും അയ്യായിരം രൂപ കണക്കാക്കി രണ്ടായിരം വീടുകൾക്ക് മെയിന്റനൻസിന് വേണ്ടി ഒരു കോടി രൂപ റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്ന് നൽകുകയുണ്ടായി. ഇനിയും അഞ്ച് തോട്ടങ്ങൾ കൂടി തുറക്കാനുണ്ട്. 12 വർഷമായി ഒരു മെയിന്റനൻസും ഇല്ലാതെ ഈ തോട്ടങ്ങൾ വലിയ അപകട സ്ഥിതിയിലാണ്. അവിടെ താമസിക്കുന്ന കുടുംബാംഗങ്ങൾ, പ്രത്യേകിച്ച് കുഞ്ഞുങ്ങൾ ഉൾപ്പെടെ വലിയൊരു ഭീഷണിയിലാണെന്ന് മനസ്സിലാക്കുന്നു. എം.എൽ.എ. അത് ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന്

ഞങ്ങൾ അതിന്റെ സ്ഥിതിഗതികൾ വിലയിരുത്തുകയും ഈ വീടുകൾക്കെല്ലാം മെയിന്റനൻസിനുവേണ്ടി എത്ര തുക വേണ്ടി വരുമെന്ന് കണക്കാക്കി റിപ്പോർട്ട് തരണമെന്ന് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആ റിപ്പോർട്ട് അടുത്ത ദിവസം തന്നെ നമുക്ക് ലഭിക്കും. എം.എൽ.എ കൂടി അതിൽ ബന്ധപ്പെട്ട് ആ റിപ്പോർട്ട് എത്രയും വേഗം ഗവൺമെന്റിലേയ്ക്ക് എത്തിച്ചാൽ ഇപ്പോൾ അപകടം ഇല്ലാത്ത സ്ഥിതിയിൽ, മെയിന്റനൻസ് നടത്താനുള്ള തുക അടുത്ത ആഴ്ച തന്നെ അനുവദിക്കുന്നതാണ്.

(9) അഴീക്കൽ തുറമുഖ വികസനം

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u>: സർ, വടക്കേ മലബാറിലുള്ള, വളരെ വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്ന ഒരു തുറമുഖമാണ് അഴീക്കൽ തുറമുഖം. അഴീക്കൽ തുറമുഖത്തിന്റെ വികസന കാര്യത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം വളരെ കാര്യമായ ശ്രദ്ധപതിപ്പിച്ചിട്ടുണ്ട്. ഒരു പാട് വികസന പ്രവർത്തനങ്ങൾ അവിടെ നടന്നുകൊണ്ടിരിക്കുകയാണ്. അവിടെ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വേണ്ടത്ര ഇടപെടലുണ്ടാകുന്നില്ല. മാത്രമല്ല, ചില ഉദ്യോഗസ്ഥർ ഈ തുറമുഖത്തിന്റെ വികസനത്തെ ബോധപൂർവ്വം തടയുന്നതിന് വേണ്ടിയുള്ള ഇടപെടലുകളുൾപ്പെടെ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അതുസംബന്ധിച്ച ആക്ഷേപം ഞാൻ തന്നെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഇതിന്റെ ഒരു വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി ഡിലോയിറ്റ് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡിനെ ഏർപ്പെടുത്തുകയും ഏതാണ്ട് ഒരു വർഷക്കാലം മുൻപ് ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് അവർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇതിന്റെ യോഗത്തിൽ പങ്കെടുക്കുകയുണ്ടായി. അടിയന്തരമായി ഇത് പി.പി.പി അടിസ്ഥാനത്തിൽ വികസിപ്പിക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. എത്രയും വേഗം ഇതിന്റെ ഗ്ലോബൽ ടെണ്ടർ വിളിക്കുമെന്നുള്ള കാര്യം പറഞ്ഞിട്ടുള്ളതാണ്. അതുപോലെ തന്നെ ഇവിടെ കാർഗോ ഷിപ്പ് പത്ത് കൊല്ലക്കാലം മുൻപ് വന്നിരുന്നതാണ്. അത് കൊണ്ടുവരുന്നതിനുവേണ്ടി നേരത്തെ ലക്ഷദ്വീപുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. ആ ചർച്ചകൾ പൂർത്തീകരിച്ച് അടിയന്തരമായി ഇത് കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് പറഞ്ഞിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ഇവിടെ കാർഗോ കൊണ്ടുവരുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാനും സ്ഥായിയായ വികസനത്തിന് പറ്റാവുന്ന രൂപത്തിലുള്ള ഗ്ലോബൽ ടെണ്ടർ അടിയന്തരമായി വിളിക്കുന്നതിന് വേണ്ടി ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്ന് ഞാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly